**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ 949 | 30/6/2011-ൽ മറുപടിക്ക്

**വീട് ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. ബി. സത്യൻ : | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്. ഓരോ വർഷത്തേയും ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നത്. 2011-12 വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. |
| (ബി) | സ്വന്തമായി വീട് ഇല്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച വിവര ശേഖരണം ഏറ്റവുമൊടുവിൽ നടത്തിയത് 2008 ലാണ്. അതനുസരിച്ച് 20755 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | ഭവന രഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം അനുവ ദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ വർഷം എത്ര പേർക്ക് ഭവന നിർമ്മാണ സഹായധനം അനുവദി ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ഡി) | 2011-12 ൽ 3000 പേർക്ക് ധനസഹായം അനുവദിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ഇ) | കഴിഞ്ഞ 10 വർഷക്കാലം എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | | 2001-02 മുതൽ 2010-11 വരെയുള്ള കാലയളവിൽ 78576 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ.